സി. സ്പീക്കർ : 2-ാം നമ്പർ ചോദ്യവും 15-ാം നമ്പർ ചോദ്യവും ക്ലബ് ചെയ്യുകയാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ നടപടിക്രമങ്ങൾ

*2 [2] ശ്രീ. വി. കെ. സി. മമ്മദ്കോയ:
.. കോടിയേരി ബാലകൃഷ്ണൻ:
.. മത്തായി ചാക്കോ:
.. എ. സി മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സഭയെ അറിയിക്കുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് തെരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്;

(ബി) എന്നത്തേയ്ക്ക് തെരഞ്ഞെടുപ്പ് നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് പറയാമോ;

(സി) തെരഞ്ഞെടുപ്പ് നടത്തുന്നതിനോടനുബന്ധിച്ച് വോട്ടേഴ്സ് ലിസ്റ്റ് പ്രസിദ്ധീകരിച്ചുവോ;

(ഡി) വോട്ടേഴ്സ് ലിസ്റ്റനുസരിച്ച് വോട്ടർമാരുടെ എണ്ണത്തിൽ കഴിഞ്ഞ തവണത്തേക്കാൾ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഇ) വോട്ടർമാരുടെ എണ്ണം കുറഞ്ഞതിനെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)*:

(എ) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പൊതു തെരഞ്ഞെടുപ്പിന്റെ മുന്നോടിയായി വോട്ടർ പട്ടിക പുതുക്കൽ നടപടി ആരംഭിച്ച് 15-6-2005-ൽ കരട് വോട്ടർ പട്ടിക പ്രസിദ്ധപ്പെടുത്തി. ഇതുകൂടാതെ സർക്കാർ രൂപീകരിച്ച ഡീലിമിറ്റേഷൻ കമ്മീഷൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജന പ്രക്രിയയുടെ നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഇതു സംബന്ധിച്ച് ജില്ലകൾതോറും ഇക്കാര്യത്തിലെ പരാതികൾ കേൾക്കുന്നതിനായി പ്രസ്തുത കമ്മീഷൻ സിറ്റിംഗ് നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2005 സെപ്തംബർ മാസം തെരഞ്ഞെടുപ്പ് നടത്തുവാനാണ് ഇലക്ഷൻ കമ്മീഷൻ നടപടികൾ സ്വീകരിച്ചുവരുന്നത്.

(സി) കരട് വോട്ടർ പട്ടിക സംസ്ഥാന ഇലക്ഷൻ കമ്മീഷൻ പ്രസിദ്ധീകരിച്ചു കഴിഞ്ഞു.

(ഡി) അന്തിമ വോട്ടർ പട്ടിക പ്രസിദ്ധപ്പെടുത്തിയതിനുശേഷം മാത്രമേ ഇക്കാര്യം സംബന്ധിച്ച് വ്യക്തമായ വിവരം നല്കുവാൻ കഴിയുകയുള്ളു.

(ഇ) ഉദിക്കുന്നില്ല.

തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ്

*3 [15] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:*

" *പി. നാരായണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടത്താനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എപ്പോൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തെരഞ്ഞെടുപ്പുകൾ നടത്തുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വെളിപ്പെടുത്തുമോ;

(സി) വോട്ടേഴ്സ് ലിസ്റ്റിൽ പേര് ചേർക്കുന്നതുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):*

(എ) ഉണ്ട്. 2005 സെപ്തംബർ മാസത്തിൽ ഇലക്ഷൻ നടത്തുവാനാണ് ഇലക്ഷൻ കമ്മീഷൻ നടപടികൾ സ്വീകരിച്ചു വരുന്നത്.

(ബി) തെരഞ്ഞെടുപ്പ് നടത്തുന്നതിന് മുന്നോടിയായി കരട് വോട്ടർ പട്ടിക 15-6-2005-ന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിൽ പ്രസിദ്ധീകരിച്ച് തുടർ നടപടി സ്വീകരിച്ചുവരുന്നു. വാർഡ് ഡീലിമിറ്റേഷൻ പ്രക്രിയയുടെ നടപടിക്രമങ്ങളും ഡീലിമിറ്റേഷൻ കമ്മീഷൻ പൂർത്തീകരിച്ചുവരുന്നു.

(സി) ഇക്കാര്യത്തിൽ നടപടി എടുക്കേണ്ടത് സംസ്ഥാന ഇലക്ഷൻ കമ്മീഷനാണ്. വോട്ടേഴ്സ് ലിസ്റ്റിൽ പേര് ചേർക്കുന്നതുമായി ബന്ധപ്പെട്ട പരാതികളിന്മേൽ യഥാസമയം നടപടി സ്വീകരിക്കുന്നതിന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരായ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ നിർദ്ദേശം നല്കിയിട്ടുണ്ട് എന്നറിയുന്നു.

LIBRARY ARCHIVES Kerala Legislative Assembly